

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA-PHONE: 8234

വാല്യം 5 | 1988 ഒക്ടോബർ 7, 14 | ലക്കം 32


## പതിമൂന്നാം സ്ഥാനാരോഹണ വാർഷികം ഒക്ടോബർ 27 ന്



1988 ഒക്ടോബർ 27–ാം തീയതി പതിമൂന്നാം സ്ഥാനാരോഹണ വാർഷികം ആഘോഷിക്കുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസിന് മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് വായനക്കാരുടെയും പ്രവർത്തകരുടെയും പ്രാർത്ഥനയും ആശംസകളും.

# ചരമ രജതജൂബിലി: റുമേനിയൻ പാത്രിയർക്കീസ് സംബന്ധിക്കും

പ്രത്യേക ലേഖകൻ

കോട്ടയം: കാലം ചെയ്ത പ: ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ചരമ രജതജൂബിലി ആഘോഷങ്ങളിൽ, റുമേനിയൻ പാത്രിയർക്കീസ് പരിശുദ്ധ തിയോടിക്റ്റസ് ബാവായുടെ നേതൃത്വത്തിൽ ഒരു പ്രതിനിധിസംഘം സംബന്ധിക്കുന്നതാണ്. ജൂബിലി ആഘോഷങ്ങളുടെ കേന്ദ്രക്കമ്മററിയിൽ പ. ബാവാതിരുമനസ്സുകൊണ്ട് വെളിപ്പെടുത്തിയതാണ് ഈ വിവരം.

ഒരു വർഷം നീണ്ടു നിൽക്കുന്ന വിപുലമായ പരിപാടികൾക്ക് കേന്ദ്രക്കമ്മററി രൂപം നൽകി. ജനുവരി ഒന്നാം തീയതി നടക്കുന്ന പൊതുസമ്മേളനത്തിന്റെ ക്രമീകരണങ്ങൾക്ക് ബേബി അലക്സ്, ടൈററസ് വർക്കി, പോൾ മത്തായി എന്നിവർ കൺവീനർമാരായി പ്രോഗ്രാം, പബ്ലിസിററി, ഫിനാൻസ് കമ്മററികൾ രൂപീകരിച്ചു. ഉപന്യാസ മത്സരങ്ങൾ നടത്തുന്നതിന് ഇ.ജെ.തോമസ് കോർ എപ്പിസ്ക്കോപ്പായും, ലിററർജിക്കൽ സ്റ്റഡി സെൻററിന്റെ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കുവാൻ റമ്പാൻ തെയോഫോറോസ് കോർ എപ്പിസ്ക്കോപ്പായും. സ്മാരകഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായും കൺവീനർമാരായുള്ള കമ്മററികളും രൂപീകരിച്ചിട്ടുണ്ട്.

ജൂബിലിയോടനുബന്ധിച്ച് ദേവലോകം അരമനയിൽ പ: ബാവാമാരുടെ കബറിടങ്ങൾ പുതുക്കിപ്പണിയുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞതായി പ: ബാവ തിരുമനസ്സുകൊണ്ട് യോഗത്തെ അറിയിച്ചു.

## മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്: അമേരിക്കൻ പതിപ്പ് ഇറങ്ങുന്നു

കോട്ടയം: ന്യൂയോർക്ക് കേന്ദ്രമാക്കി മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് പത്രം അമേരിക്കയിലെ ഓർത്തഡോക്സ് സിറിയൻ വിഭാഗത്തിനുവേണ്ടി മാസികയായി ഇറക്കുന്നതാണെന്ന് ഇടവക മെത്രാപ്പോലീത്താ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ഫിലാഡൽഫിയായിൽകൂടിയ ഭദ്രാസനപ്പൊതുയോഗത്തെ അറിയിച്ചു. യോഗത്തിൽ ഓർത്തഡോക്സ് ഹെറാൾഡ് വാരികയുടെ പത്രാധിപർ ഫാ. മാത്യു വർഗ്ഗീസ് (ഷേബാലി) സംബന്ധിച്ചു. ദേവലോകം ഓഫീസിൽ തയ്യാറാക്കുന്ന പത്രം അമേരിക്കൻ ഭദ്രാസനത്തിന്റെ നേരിട്ടുള്ള ചുമതലയിലായിരിക്കും ഭദ്രാസനത്തിനുള്ളിലുള്ള പള്ളികളിൽ വിതരണം ചെയ്യുക.

Orthodox Herald, 2533 B, Ocean Parkway, Brooklyn Newyork- 11235 എന്നതായിരിക്കും അമേരിക്കയിലെ ഓഫീസ് വിലാസം.

പത്രത്തിന്റെ നടത്തിപ്പിലേക്ക് ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ പ്രസിഡൻറും ഫാ. പി.സി. ഗീവർഗീസ്, രാജു എം. വർഗീസ്, ഫാ. സി. ജെ. ജോൺസൺ, തോമസ് മുണ്ടുകുഴി കോർ എപ്പിസ്കോപ്പാ, ഫാ. ജേക്കബ് ഫിലിപ്പ്, ഫാ പൗലൂസ് ആദായി, ഫാ. കെ. ജി. ദാനിയേൽ, ഫാ. പി. യേശുദാസൻ, ഫാ. സി. ദാനിയേൽ, ഫാ. ജോർജ് ദാനിയേൽ, ഡീ. ജോർജ് വർഗീസ് പൂവത്തൂർ, തമ്പി ഉഴത്തിൽ, കെ. ഓ. മാത്യു, മാമ്മൻ മാത്യു, കോരുത് സാം, ജോൺ വർഗീസ്, തോമസ് ജോയി, ജോൺ ചാക്കോ എന്നിവർ കമ്മററിയംഗങ്ങളുമായിരിക്കും,

# എൻജി. കോളജ് ഡിസംബറിൽ ക്ലാസ് തുടങ്ങും

(സ്ററാഫ് എഡിററർ)

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭ വകയായി കർണ്ണാടകത്തിൽ ആരംഭിക്കുന്ന എഞ്ചിനീയറിംഗ് കോളേജിന് മംഗലാപുരം സർവ്വകലാശാലയുടെ ശുപാർശയും കർണ്ണാടകാ സർക്കാരിന്റെ ലെററർ ഓഫ് ഇൻെറൻറും ലഭിച്ചിട്ടുള്ളതാണെന്ന് ചർച്ച് എഡ്യൂക്കേഷൻ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി തോമസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ ദേവലോകം അരമനയിൽ ചേർന്ന യോഗത്തിൽ വെളിപ്പെടുത്തി. ഇതു സംബന്ധിച്ച് ആശയക്കുഴപ്പമൊന്നുമില്ലെന്നും അദ്ദേഹം യോഗത്തെ അറിയിച്ചു.

സർവ്വകലാശാല ആവശ്യപ്പെട്ട എല്ലാ വ്യവസ്ഥകളും പാലിച്ചിട്ടുണ്ടെന്നും ഇതര കോളേജുകളിലെ ക്ലാസുകൾ ഇതിനകം തുടങ്ങിക്കഴിഞ്ഞിട്ടുള്ളതുകൊണ്ട് ആദ്യസെമസ്റ്റർ ഈ ഡിസംബറിൽ ആരംഭിക്കുന്നതാണെന്നും അദ്ദേഹം യോഗത്തിൽ വ്യക്തമാക്കി.

ട്രസ്റ്റ് അംഗങ്ങളുടെ യോഗത്തിൽ പ. ബാവാ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു.

ഏതാനും സീററുകൾകൂടി ഒഴിവുണ്ടെന്നും എം. ഡി. സെൻററിലുള്ള സൊസൈററി ഓഫീസിൽനിന്ന് അതിനുള്ള അപേക്ഷകൾ ലഭ്യമാണെന്നും യോഗത്തെ എപ്പിസ്കോപ്പാ അറിയിച്ച

# ശതാബ്ദി സ്മാരക മന്ദിരത്തിന് പ. ബാവാ തറക്കല്ലിട്ടു

കോട്ടയം: എം.ഡി. സെമിനാരി ഹൈസ്കൂൾ ശതാബ്ദി സ്മാരക മന്ദിരത്തിന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് സെപ്റ്റംബർ 29–ന് തറക്കല്ലിട്ടു.

പത്തുമുറികളുള്ള ഇരുനില കെട്ടിടമാണ് സ്മാരകമന്ദിരമായി നിർമ്മിക്കുക.

തുടർന്ന് സ്കൂൾ മാനേജർ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, സഭാ ട്രസ്റ്റി പി. സി. ഏബ്രഹാം, റിട്ട. ഹെഡ്മാസ്റ്റർ ജോൺ മാത്യൂസ് എന്നിവർ പ്രസംഗിച്ചു.

സെമിനാരി ശതാബ്ദിയാഘോഷം നവം. 12–ന് തമി... സി. അലക്സാണ്ടർ ഉദ്ഘാടനം ചെയ്യും.

ആഘോഷങ്ങളുടെ നടത്തിപ്പിന് പ. ബാവാ മുഖ്യ രക്ഷാധികാരിയും ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, കെ.എം. മാത്യു (മനോരമ), എം. ആർ. എഫ് ചെയർമാൻ കെ.എം. മാമ്മൻ മാപ്പിള, സമുദായട്രസ്റ്റി പി. സി. ഏബ്രഹാം, എന്നിവർ രക്ഷാധികാരികളുമായുള്ള 101 അംഗകമ്മററിയെ തിരഞ്ഞെടുത്തു.

പി.ടി.ഐ പ്രസിഡൻറ് ബേബി അലക്സ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ഹെഡ്മാസ്റ്റർ കെ സി. ചാക്കോ സ്വാഗതവും പ്രൊഫ. ടി.എം. മാത്യു കൃതജ്ഞതയും

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 5 1988 ഒക്ടോബർ 7,14 ലക്കം 32

## ധ്യാനപീഠം

# അധികാരങ്ങൾക്കു കീഴടങ്ങുക!

'അനുസരണം ബലിയെക്കാളും ശ്രേഷ്ഠമാകുന്നു എന്ന തിരു
വചനം, ഒഴികഴിവുകളുടെ മറപററിക്കൊണ്ടു് അനുസരിക്കുന്ന
തിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നവർക്കുള്ള സാധനാപാഠ
മാണു്. അനുസരിക്കേണ്ടതിനെ അനുസരിക്കുന്നതാണു് ഏററം
വലിയ ബലി. അവിടെ എല്ലാ അഹംഭാവവും, ചീർ
പ്പും ഞെരിഞ്ഞമരും. 'എങ്കിലും എൻെറ ഇഷ്ടമല്ല, അവിടു
ത്തെ ഇഷ്ടം നിറവേററട്ടെ' എന്ന ദിവ്യരക്ഷകൻെറ പ്രാർത്ഥന
അനുസരണത്തിൻെറ ഏററവും വലിയ ദൃഷ്ടാന്തംതന്നെ. മനുഷ്യ
രുടെ ഇടയിൽ ഇന്നത്തെ രാഷ്ട്രീയ രീതികളും, ആധുനിക
മാദ്ധ്യമങ്ങളുടെ പ്രഭാവവും വരുത്തിവെച്ചിരിക്കുന്ന പ്രത്യേക
സംസ്ക്കാരവിശേഷത്തിൻെറ ഉദയത്തിൽ ആദ്യം നഷ്ടപ്പെ
ട്ടതിലൊന്നാണു് കീഴടങ്ങാനും അനുസരിക്കാനുമുള്ള മനസ്സ്.
അക്കാരണത്താൽ, ധീരമായി ആജ്ഞാപിക്കാൻ അധികാരി
കൾക്കു് ഇന്നു് സങ്കോചമുണ്ടു്. തങ്ങളുടെ ആജ്ഞ പാലിക്കപ്പെ
ടുമെന്നു് ഉറപ്പൊന്നുമില്ലല്ലൊ. കോളേജ് പ്രിൻസിപ്പൽമാരെയും
സ്കൂൾ പ്രഥമാദ്ധ്യാപകരെയും കുട്ടികൾ ഭക്ത്യാദരവോടെ വീക്ഷി
ക്കുന്ന ഒരു കാലവുമുണ്ടായിരുന്നു. ഇന്നാകട്ടെ, കഠാര കാട്ടി സ
ഹപാഠികളെ ഭീഷണിപ്പെടുത്തിയ വിദ്യാർത്ഥിയെ 'സസ്പെൻ
ഡ്' ചെയ്തു എന്ന 'കുററ'ത്തിനു് പ്രിൻസിപ്പലിനു മുമ്പിൽ
മുഷ്ടി ഉയർത്തിക്കൊണ്ടു് 'നീതിപാലിക്കുക' എന്നു കുട്ടികൾ
ആക്രോശിക്കുകയും, രാഷ്ട്രീയക്കാരുടെ പിന്തുണയോടെ സമ
രസന്നാഹങ്ങൾ അരങ്ങേറുകയും ചെയ്യുന്നതു കാണുമ്പോൾ പുതി
യ സംസ്ക്കാരത്തിൻെറ നിറം കുറെയൊക്കെ നമുക്കു ബോദ്ധ്യ
മാകും. ജീവിതത്തിൻെറ മിക്ക മേഖലകളിലും യാഥാർത്ഥ്യ
ത്തിനും ആത്മാർത്ഥതയ്ക്കും വിരാമമായി. പകരം പലതരം 'വേ
ഷ'ങ്ങളുടെ ഘോഷയാത്രയാണു്. പല കുട്ടികളും പഠിക്കാൻ
പോകുന്നതു് അല്പമൊന്നു് വിലസാനാണെന്നു് ഇന്നു് ആരും സ
മ്മതിക്കും. ആരെയും വെറുതെയങ്ങ് അനുസരിക്കേണ്ടതില്ല എ
ന്നതു് ആ പുത്തൻ സംസ്ക്കാരത്തിലെ ഒരു വിചാരധാരതന്നെ.

## ഫാ. ജേക്കബ് ചെറിയാൻ

ദൈവം സർവ്വത്തിൻെറയും സ്രഷ്ടാവും, നിയന്താതാവുമാക
യാൽ എല്ലാ അധികാരവും തൻേറതാണു്. ദൈവദത്തമല്ലാതെ
ആർക്കും പ്രപഞ്ചത്തിൽ സ്വന്തമായി യാതൊരധികാരവുമില്ല
ഏതു പ്രബലനായ അധികാരിയായാലും ചെങ്കോൽ ദൈവദാ
നമാണു്. ദൈവം നൽകാതെ മനുഷ്യനു് യാതൊരധികാരവും
ലഭിക്കുന്നില്ല. മാതാപിതാക്കളും. അദ്ധ്യാപകരും, ആഫീസർ
മാരും,' മേലുദ്യോഗസ്ഥന്മാരുമെല്ലാം ഈ തത്വത്താൽ ബന്ധി
തരാണു്. അപ്പോൾ എല്ലാ അധികാരവും ദൈവനിയോഗ
ത്താലാണെങ്കിൽ, അധികാരം കൈയാളുന്നവരും അതറിഞ്ഞേ
തീരൂ. തങ്ങൾ ആജ്ഞാപിക്കാൻ ജനിച്ചവരാണെന്നോ, അധി
കാരം തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്തു് പ്രയോഗിക്കാ
നുള്ളതാണെന്നോ ധരിച്ചുതുടങ്ങിയാൽ അധികാരികൾ ഏകാ
ധിപതികളായി മാറും. അതിനാൽ ഏതധികാരിയും, തനിക്കു
പ്രയോഗിക്കാനായി ലഭ്യമായിരിക്കുന്ന അധികാരം ദൈവ
ത്തിൽനിന്നും, ദൈവനിയോഗത്താലുമാണെന്നു് തിരിച്ചറി
യട്ടെ!

അങ്ങനെയായാൽ അധികാരം പ്രയോഗിക്കുന്ന രീതിക
ളിൽ പ്രകടമായ വ്യത്യാസങ്ങൾ കാണാം. തങ്ങളുടെ അധികാ
രം ഒരു നശീകരണ ആയുധമായി എടുത്തു പ്രയോഗിക്കാൻ അ
വർ വിമുഖരായിരിക്കും. തങ്ങളുടെ അധികാരപ്രയോഗത്തെ
പ്പററി, അധികാരദാതാവിൻ മുമ്പിൽ തങ്ങൾ കണക്കുപറയേ
ണ്ടവരാണെന്ന ചിന്ത നിരന്തരം അവരെ ഭരിക്കയും ചെയ്യും

ഭരണീയരും ഈ പ്രാഥമിക തത്വത്തിനു വിധേയരാണു്.
തങ്ങളോടു് ആജ്ഞാപിക്കുന്ന ആളിൻെറ സ്ഥാനമോ, പ്രൗഢി
യോ നോക്കി മാത്രം അനുസരിക്കാൻ തയ്യാറാകുന്നതു് ശരിയാ
യ അനുസരണമല്ല. ഭയത്താൽ മാത്രമുള്ള അനുസരണവും ആ
പേരിനർഹമല്ല യഥാർത്ഥ അനുസരണമുള്ളവൻ ന്യായമായ
ഏതു് ആജ്ഞയേയും, അതു് നൽകുന്നയാളിൻെറ വലിപ്പം പരി
ഗണിക്കാതെ അനുസരിക്കാൻ തയ്യാറായിരിക്കും.

ജീവിതത്തിൽ നല്ല മാതൃകകൾ എന്നു് കരുതപ്പെടുന്നതു്
നല്ല അനുസരണശീലമുള്ളവരാണു്. നല്ല ശാസനങ്ങളെ, ധാർ
മ്മികചട്ടങ്ങളെ നിരന്തരമായി അനുസരിക്കുന്ന വ്യക്തികളുടെ
ജീവിതമാണു് പുത്തൻതലമുറയ്ക്കു് ഉദാത്തമായ മാതൃക. കല്പന
നൽകുന്നയാളിൻെറ സമക്ഷത്തു് അനുസരണഭാവവും അല്ലാത്ത
പ്പോൾ ഉദാസീനതയും കാട്ടുന്നതല്ല ശരിയായ അനുസരണം.
നാം നല്ല അനുസരണമുള്ളവരാണെന്നു് അന്യരെ ബോദ്ധ്യപ്പെ
ടുത്തിയാൽമാത്രം പോരാ, നാം അപ്രകാരമായിരിക്കയും വേ
ണം. അധികാരത്തോടെതിർത്തു്, അനുസരിക്കാതിരിക്കുന്ന
തു് ഒരിക്കലും 'സാഹസവൃത്തി'യല്ല. കാരണം, അധികാര
ത്തോടുള്ള നിഷേധം ദൈവനിയോഗത്തെയുള്ള നിഷേധമാണു്.

## ധ്യാനവേദി

# ക്രിസ്താനുകരണം

### തോമസ് എ. കെംപിസ്

### വിവ: പ്രൊഫ. കെ. വി. തമ്പി

ഭക്തി പ്രസാദത്തിനുവേ
ണ്ടിയുള്ള പ്രാർത്ഥന

എൻെറ നാഥനായ ദൈവ
മേ, എൻെറ എല്ലാ നന്മയും
നിന്നിൽ കാണപ്പെടുന്നു. നി
ന്നോടു ഭാഷണം ചെയ്യുവാൻ
ധീരനാകാൻ മാത്രം ഞാൻ ആ
രാണു്. ഞാനാകട്ടെ നിൻെറ
ഏററവും ഹീനനായ അടിമയ
ല്ലോ? ഒരു ക്ഷുദ്രകീടം. എനി
ക്കറിയാവുന്നതിലും സംസാ
രിക്കാൻ ധൈര്യപ്പെടുന്നതിലും
ഏറെ ദരിദ്രതമൻ. എങ്കിലും
നാഥാ ഞാൻ ഒന്നുമല്ലാത്തവനാ
ണു് എന്നു് ഓർക്കുക; ഒന്നുമി
ല്ലാത്തവനാണെന്നും ഒന്നും ചെ
യ്യാൻ വയ്യാത്തവനാണെന്നും
നീ മാത്രമാണു് നന്മയും നീ
തിയും വിശുദ്ധിയും ഉള്ളവൻ.
നിനക്കു് ഏതു കാര്യവും അനു
ഷ്ഠിക്കാം. നീ എല്ലാ വസ്തു
ക്കളും ദാനം ചെയ്യുന്നു; എല്ലാ
വസ്തുക്കളേയും സമ്പൂർണ്ണമാ
ക്കുന്നു; പാപിയെ മാത്രം ശൂ
ന്യനായി പറഞ്ഞയയ്ക്കുന്നു. നി
ൻെറ കരുണയെ ഒരിക്കലും മറ
ക്കരുതേ; നിൻെറ പ്രസാദം
കൊണ്ടു് എൻെറ ഹൃദയത്തെ
നിറച്ചാലും; എന്തെന്നാൽ നി
ൻെറ സൃഷ്ടികളെ ഒരിക്കലും
ശൂന്യമാക്കാൻ നീ ഇഷ്ടപ്പെ
ടുന്നില്ലല്ലോ. നിൻെറ ദയയാ
ലും നിൻെറ പ്രസാദത്താലും
എന്നെ നീ ബലവാനാക്കുന്നി
ല്ലെങ്കിൽ ഈ ആനന്ദരഹിതമാ
യ ജന്മത്തിൽ എനിക്കെങ്ങ
നെ എന്നെ സഹിക്കാനൊ
ക്കും? നിൻെറ മുഖം എന്നിൽ
നിന്നു് തിരിക്കരുതേ; ശോധ
നയുടെ കാലത്തേയും സുദീർഘ
മാക്കരുതേ; നിൻെറ സാന്ത്വ
നത്തെ എന്നിൽനിന്നു് എടു
ത്തു മാററരുതേ; അല്ലെങ്കിൽ
വരൾച്ചകൊണ്ടു് വിണ്ടുകീറി
യ വിളനിലംപോലെ എ
ൻെറ ആത്മാവു് നിൻെറ മുൻ
പാകെ ശയിക്കും. നിൻെറ ഹി
തമനുഷ്ഠിക്കാൻ നാഥാ എ
ന്നെ പഠിപ്പിച്ചാലും; നിൻെറ
സന്നിധിയിൽ യോഗ്യമായും,
വിനീതമായും ജീവിക്കുവാൻ
എന്നെ പഠിപ്പിച്ചാലും. എന്തെ
ന്നാൽ നീയാകുന്നു എൻെറ
ജ്ഞാനം; എന്നെ നീ തീർത്തും
അറിയുന്നു; ഈ പ്രപഞ്ചം സൃ
ഷ്ടമാകുന്നതിനു മുമ്പും ഈ
പ്രപഞ്ചത്തിലെ എൻെറ ജന്മ
ത്തിനു മുമ്പും എന്നെ നീ അ
റിഞ്ഞു.

## ആരാധനാപഠനം

# ആരാധനാഗീതസമീക്ഷ

### പ്രൊഫ: എൻ. ഐ. നൈനാൻ ശൂരനാടു്

ഗീതം:

6 സഹദേരോതുന്നു, സുപ്രിയ
ശുദ്ധ സുതൻ
സ്വകരാജ്യേ ഞങ്ങൾ-
ക്കേകീടും മുടി ശാശ്വതവു,
പ്രതിദാനം സംരക്ഷിതവും
എരിതീവാൾ മട്ടിതർ ഞങ്ങൾ
ക്കാശ്വാസം മശിഹായിഷ്ടർ
ക്കരുളിയതാം പറുദീസയി
ലേകും

7 മന്നവനേ മശിഹാ! സതതം
തവകരുണാ..
വാതിലിൽ മുട്ടുന്നേൻ ധനികാ!
നിൻ നിധി നിലയത്തി–
ന്നേകണമേ കൃപയും വാഴ്
വും നീയെൻ ഗതി തുണചെയ്യു
ക നിൻ
സാക്ഷിയെ ലജ്ജിതനാക്ക
രുതേ, ശരണവുമെന്നാശ്രയവും
നീയേ.

8 രാജ്യത്തിൻ വാതിൽ, ചെ
റിയതു മാമാർഗ്ഗം
വീതികുറഞ്ഞതുമാണാ വഴി
ഗമനം കാംക്ഷിപ്പോ–
നത്യോൽസാഹമവശ്യം
താൻ അലസത ലേശം ബാധി
ച്ചാൽ
അശുഭവഴിക്കു വശം വദനാ
യ് സ്വാത്മത്തേ സ്വയമേ
നിഹനിക്കും

9 മശിഹായുടെ റൂശ്മാ മാമോ
ദീസായാൽ
സംപ്രാപിച്ചോരായ് തൃപ്പാ
വനതനു ഭക്ഷിച്ചു
പുണ്യനിണം പാനംചെ
യ്തോർ പൂഴിയിൽനിന്നും താൻ
മൂലം
പ്രാണനൊടേറി ധൂളി കട
ഞ്ഞതി തേജോ വസ്ത്രം ചാർ
ത്തീടും മൊറിയോ

അർത്ഥം: സഹദേന്മാർ പറ
യുന്നു ''ഞങ്ങൾ സ്നേഹിച്ചി
രിക്കുന്ന ദൈവപുത്രൻ സ്വർഗ്ഗരാ
ജ്യത്തിൽ ഞങ്ങൾക്കു അവകാ
ശമായിത്തരുന്ന കിരീടം നി
ലനില്ക്കുന്നതും പ്രതിഫലം സു
രക്ഷിതവും ആകുന്നു. അഗ്നിയാ
ലും വാളാലും ഞങ്ങൾ അനുഭ
വിച്ചിട്ടുള്ള ഞെരുക്കങ്ങൾക്കു
പകരം മിശിഹാ തമ്പുരാൻ
ഞങ്ങൾക്കു്, തൻെറ സ്നേഹിത
ന്മാർക്കു വാഗ്ദാനം ചെയ്തിരി
ക്കുന്ന പറുദീസയിൽ ആശ്വാ
സം തരും''

മിശിഹാ രാജാവേ നിൻെറ
കരുണയുടെ വാതിലിൽ
ഞാൻ എല്ലാനേരവും മുട്ടുകയും
സമ്പന്നമായ നിൻെറ ശ്രീഭ
ണ്ഡാരത്തിൽനിന്നു് കരുണയും
ദയയും യാചിക്കുകയും ചെയ്യു
ന്നു. കർത്താവേ നിന്നിൽ ഞാൻ
ശരണപ്പെട്ടതിനാൽ എന്നെ
സഹായിക്കേണമേ, നിന്നിൽ
ഞാൻ ഏററുപറഞ്ഞതിനാൽ
എന്നെ ലജ്ജിപ്പിക്കരുതേ. നീ
എൻെറ ശരണവും ബലമേറി
യ സങ്കേതവും ആകുന്നുവല്ലോ.

സ്വർഗ്ഗരാജ്യത്തിലേക്കു പ്ര
വേശിക്കുവാനുള്ള വാതിൽ ഇ
ടുങ്ങിയതും ആ മാർഗ്ഗം ഞെരു
ക്കമുള്ളതുമാകുന്നു. അതിൽ സ
ഞ്ചരിക്കുന്നവനു പരിശ്രമ ശീ
ലം അത്യാവശ്യമായിരിക്കു
ന്നു. അല്പമെങ്കിലും അശ്രദ്ധ
ഉണ്ടായാൽ മ്ലേച്ഛമാർഗ്ഗത്തിലേ
ക്കു അവൻ വശീകരിക്കപ്പെടു
കയും സ്വന്ത പ്രാണനെ താൻ
തന്നെ നഷ്ടപ്പെടുത്തുവാൻ ഇട
വരുകയും ചെയ്യും.

മാമോദീസാ മൂലം മശിഹാ
തമ്പുരാൻെറ അടയാളത്താൽ
മുദ്രകുത്തപ്പെടുകയും അവൻെറ
വിശുദ്ധ ശരീരം ഭക്ഷിക്കയും
പുണ്യമുണ്ടാക്കുന്ന രക്തം പാനം
ചെയ്കയും ചെയ്ത മരിച്ചു
പോയവർ അവൻ മുഖാന്തിരം
മണ്ണിൽനിന്നു് കുടഞ്ഞെടുക്ക
പ്പെടുകയും മഹത്വ നിലയങ്കി
ധരിക്കയുംചെയ്യുമാറാകേണമേ
മൊറിയോ...

**പ്രാർത്ഥന:** ദൈവമെ, സ്വയപ്രശംസയും സ്വയനീതീ
കരണവും അഹങ്കാരവും വരുത്തുന്ന കെണിയിൽ വീണു് അനു
സരണമില്ലാത്തവരായിത്തീരാതെ, സ്വഹിതം ത്യജിച്ചും അനു
സരിക്കേണ്ടവയെ അനുസരിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമെ,
അധികാരത്തെ നിഷേധിക്കുമ്പോൾ ദൈവനിയോഗത്തെയാ
ണു് നിഷേധിക്കുന്നതു്. ഞങ്ങൾ മനസ്സിലാക്കട്ടെ!

**ചിന്താവിഷയം:** റോമർ 13:1 'ഏതു മനുഷ്യനും
ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ.'

## ഏബ്രഹാം മത്തായിക്കു് അനുമോദനം

കോട്ടയം: മലങ്കര ഓർ
ത്തഡോക്സ് സഭാ വൈ
ദിക ട്രസ്റ്റി ഫാ: മത്താ
യി നൂറനാലിൻെറ മ
കൻ ഏബ്രഹാം മത്താ
യി (ഐ. പി. എസ്.)
ഇൻഡ്യൻ പ്രധാന മ
ന്ത്രിയുടെ സെക്യൂരിററി
സ്റ്റാഫിൽ അസിസ്ററ
ൻറ് ഡയറക്ടറായി നി
യമിതനായതിൽ സഭാ
മാനേജിംഗ് കമ്മിററി
അനുമോദനം രേഖപ്പെ
ടുത്തി. റമ്പാൻ തെയോ
ഫോറോസ് കോർ എ
പ്പിസ്കോപ്പാ മാനേജിം
ഗ് കമ്മിററിയിൽ അ
നുമോദന പ്രസംഗം ന
ടത്തി.

# പുതിയ പുലരികൾ തേടി

അന്തിനാട്ട് ജോസ്

## അദ്ധ്യായം പതിനാല്

സീന വരാന്തയിൽനിന്ന് ചുററും നോക്കി. സമീപത്തെങ്ങും ആരേയും കാണാനില്ല. നിശ്ശബ്ദമായി ഉറങ്ങുന്നതുപോലെ തോന്നുന്ന ബംഗ്ളാവ്. കറിയാച്ചൻ ഇനിയും ഉറക്കമുണർന്ന് എണീററിട്ടില്ല. തലേന്നു രാത്രി ആ വീട്ടിൽ കാര്യമായി ആരും ഉറങ്ങിയിട്ടില്ല. എല്ലാവർക്കും അതൊരു കാളരാത്രിയായിരുന്നു. നിദ്രാവിഹീനമായ ഒരു രജനി. രാപ്പാടികൾ പാട്ടുപാടി. മൂങ്ങകൾ ചിലച്ചു.

ജെയ്സൺ ജാലകത്തിൻെറ കനത്ത അഴികളിൽ പിടിച്ച് ഒരു ഭ്രാന്തനെപ്പോലെ പുറത്തേയ്ക്ക് നോക്കിനിന്നു. തണുത്ത രാവിൻെറ കുളിർത്തെന്നലേററിട്ടും അവൻ വല്ലാതെ വിയർത്തൊലിച്ചുകൊണ്ടിരുന്നു. പാറിപ്പറന്ന മുടി നാലുപാടും ചിതറിക്കിടക്കുന്നു. കണ്ണുകളിൽ സീനയോടുള്ള കോപം ഒരായിരം കനലുകളായി കത്തിക്കാളി നിന്നിരുന്നു. അവളെ ഒററയടിക്ക് കൊല്ലാനുള്ള ദേഷ്യം അവനിൽ ഒരു സിംഹംപോലെ വന്യമായിനിന്നു.

തലേന്നു രാത്രി തന്നെ ചേച്ചമ്മവന്ന് അവനെ തടസ്സം പിടിച്ചില്ലായിരുന്നെങ്കിൽ അവൻ ശരിക്കും അവളെ പ്രഹരിച്ചേനെ.

'ജെയ്സണ് തൻെറ ജീവിതംതന്നെ ശൂന്യമായി തോന്നി. എത്രയെത്ര പ്രതീക്ഷകളോടെയായിരുന്നു വിവാഹ മണ്ഡപത്തിലേയ്ക്ക് കാലുകുത്തിയത്. എന്തെല്ലാം തങ്കക്കിനാക്കൾ അവൻ നെയ്തിരുന്നു. സ്വപ്നങ്ങളുടെ മണിത്തേരിലേറി അവൻ ആനന്ദവിഹായസ്സിലൂടെ ആടിപ്പാടി തിമിർത്തു.

എല്ലാ സങ്കല്പങ്ങളും ഒരു നിമിഷംകൊണ്ട് തകർന്നതുപോലെ തോന്നി. സീന ഒരിക്കലും തന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നില്ലെന്ന് അവന് പൂർണ്ണമായും ബോധ്യമായിരിക്കുന്നു. അതറിഞ്ഞ ആ നിമിഷം അവൻ നടുങ്ങിപ്പോയി.

ആ ഞടുക്കം അവൻെറ സിരകളെ തളർത്തി. അതൊരു ഇടിമുഴക്കമായി അവൻെറ ആത്മാവിൽ പ്രകമ്പനം കൊണ്ടു. ജീവിതത്തിൽ സ്വപ്നം കാണാൻ പോലും കഴിയാത്ത അവസ്ഥയായിരുന്നു അത്. ഇഷ്ടം പോലെ പണം. കാറ്, ബംഗ്ളാവ് എല്ലാം സീനയുടെ സ്നേഹത്തിൻെറ അഭാവത്തിൽ തകർന്നിരിക്കുന്നു. അതിനു മാത്രം ജയ്സൺ അവളോട് യാതൊരുതെററും ചെയ്തിട്ടില്ല. അവൻ അവളെ കണ്ണിലെ കൃഷ്ണമണിപോലെ സ്നേഹിച്ചിരുന്നു. അവളെ അവൻ ജീവൻെറ ജീവനായി, ആത്മാവിൻെറ അന്തഃസത്തയായി സ്നേഹിച്ചിരുന്നു. എന്നിട്ടും അവൾ അവന് നിഷ്ക്കരുണമായി സ്നേഹം നിഷേധിച്ചു. അതോടെ ജയ്സൺ മാനസികമായും ശാരീരികമായും തകർച്ചയുടെ വക്കിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്നു.

സീന ഒരു നിമിഷം അവിടെ നിന്നു. അവൾ കൈയിൽ വിലയേറിയ തൻെറ ബായ്ഗ് എടുത്തു. സാരി വലിച്ചു വാരിച്ചുററിയിരിക്കുന്നു. മുടി ചീകിയില്ല. കണ്ണുകൾ ചുവന്നും കലങ്ങിയുമിരുന്നു. തലേന്നു രാത്രി അവളും കാര്യമായി ഉറങ്ങിയില്ല.

ക്ലബ്ബിൽ നിന്നും കഴിച്ച മദ്യത്തിൻെറ ലഹരി ഇനിയും വിട്ടുമാറിയിട്ടില്ല. അതിൻെറ ആലസ്യത്തിൽ പോലും അവൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല.

കവിൾത്തടത്തിലെ വിരൽ പാടുകൾ കറുത്ത രേഖകളായി തിണർത്തു കിടക്കുന്നു. കനത്ത വിരൽ പാടുകൾ വല്ലാതെ വിങ്ങുന്നു. ശക്തിയേറിയ പ്രഹരം.

ഇനി ഒരു നിമിഷംപോലും താനീ വീട്ടിൽ നിൽക്കില്ല. എത്രയും വേഗം തൻെറ വീട്ടിലെത്തുക. അപ്പോൾ തനിക്ക് എന്തു സ്വാതന്ത്ര്യവും നടക്കും. ഇവിടുത്തെ ജീവിതമാകട്ടെ കൂട്ടിലടച്ച ഒരു വെരുകിനെപ്പോലുള്ള ജീവിതം. ഒന്നു തിരിഞ്ഞു കിടക്കണമെങ്കിൽ പോലും അമ്മായി അമ്മയുടെ അനുവാദംവേണം.

അവൾ ആരോടും ഒന്നും യാത്ര ചോദിച്ചില്ല. അതിൻെറ ആവശ്യമില്ലെന്ന് അവൾക്കു തോന്നി. താനെന്തിനു യാത്ര ചോദിക്കുന്നു? തൻെറ ആരും ഈ വീട്ടിലില്ല.

അവൾ മുററത്തേയ്ക്കിറങ്ങുന്നതു് അകലെ നിന്ന് കാര്യസ്ഥൻ വറീതു കണ്ടു. അയാൾ വേഗം ജെയ്സൺെറ മുറിയിലെത്തി.

അവൻ നല്ല ഉറക്കമാണ്. എങ്കിലും അവനെ ഉണർത്താതിരിക്കാൻ കഴിയില്ല. സീനാ വീട്ടിൽ നിന്നും ആരുടെയും അനുവാദം കൂടാതെയാണ് പോകുന്നതെന്ന് വറീതിനു മനസ്സിലായി.

അതു തങ്ങൾക്കെല്ലാം ക്ഷീണമാണെന്ന് അയാൾക്കറിയാം.

അവളുടെ കവിൾത്തടങ്ങളിലെ വിരൽപാടുകൾ മായുന്നതിനുമുമ്പ് വീട്ടിലെത്തിയാൽ സംഗതികൾ ആകെ ഗുരുതരമാകുമെന്ന് വറീതിനു തോന്നി.

'ജെയ്സാ ...ജെയ്സാ...' വറീതു് ''ഉറങ്ങിക്കിടന്ന ജെയ്സണെ കുലുക്കിയുണർത്തി.

അവൻ ഉറക്കത്തിൽനിന്നും ഞെട്ടിയെണീററു് തുറിച്ചുനോക്കി. തൊട്ടുമുമ്പിൽ പരിഭ്രാന്തനായി നില്ക്കുന്ന കാര്യസ്ഥൻ.'

'എന്താ ചേട്ടാ-എന്തുപററി?'

കുഞ്ഞ് വീട്ടിൽ പോകാൻ തുടങ്ങുന്നു. ഈ നെലേല് അവരെ വീട്ടിൽ വിട്ടാൽ കുഴപ്പമാണ്.'

ജെയ്സൺ ഒരു ഭ്രാന്തനെപ്പോലെ മുററത്തേയ്ക്ക് ഓടിവന്നു. അപ്പോൾ അവൾ കാറിൽ കയറാൻ ഭാവിക്കയായിരുന്നു.

ജെയ്സണെ കണ്ടതെ അവൾ വേഗം കാറിൽ കയറാൻ ഭാവിച്ചു. പക്ഷേ അവൻ അവളെ തള്ളി മാററി കാറിൻെറ ഡോർ അടച്ചു.

ഇരുവരും ക്രുദ്ധമായ മിഴികളോടെ അന്യോന്യം നോക്കി. തീ പാറുന്ന നാലു കണ്ണുകൾ ഒരേ ബിന്ദുവിൽ തങ്ങിനിന്നു.

'മാറി നിൽക്കു ...എനിക്കു വീട്ടിൽ പോകണം'

'വേണ്ട. നീ ഒരാഴ്ച കൂടി കഴിഞ്ഞു വീട്ടിൽ പോയാൽ മതി.'

'അതു തീരുമാനിക്കുന്നതു ഞാനാണ്. ഞാൻ നിങ്ങളുടെ അടിമയല്ല. നിങ്ങളേക്കാൾ സമ്പന്നന്മാരാണ് എൻെറ വീട്ടുകാർ. നിങ്ങൾക്കിട്ട് അമ്മാനമാടാനുള്ള ഒരുവളല്ല ഞാൻ. എന്നെ തടയരുത്. എൻെറ

(ശേഷം 4–ാംപേജിൽ)

കവിത

## ഞാൻ മനുഷ്യനായി

വർഗ്ഗീസ് കിഴക്കേമുറി

നിനക്കു നിന്നെ മനസ്സിലായില്ല
എത്രനാൾ നിന്നോടുകൂടി ജീവിച്ചു?
എന്നിട്ടും പരിചയമായില്ല
എത്രനാൾ ഒരുമിച്ചു നടന്നു?
എന്നിട്ടും മനസ്സിലായില്ല
എത്രനാൾ ഒരുമിച്ചു ചിന്തിച്ചു?
എന്നിട്ടും പിടികിട്ടിയില്ല
നീ വിചാരിക്കാത്തതു നീ ചിന്തിക്കുന്നു,
നീ അറിയാത്തതു നീ അറിയുന്നു,
നിനക്കിഷ്ടമില്ലാത്തതു് ഇഷ്ടപ്പെടുന്നു,
എല്ലാവരും അതറിയുന്നില്ല
എല്ലാവരും നിന്നെ അറിയുന്നു;
പക്ഷേ നീ അറിയുന്നില്ല
ഹാ നീ എത്ര നല്ലവൻ!
എത്ര കോമളൻ!
ആ വികൃതഭാവം ആരറിയുന്നു
ആ ചീഞ്ഞഴുകിയ മനസ്സിൻെറ മറപ്പുര!
ആ വഞ്ചന നിറഞ്ഞ ഹൃദയത്തിൻെറ അകത്തളം
നിനക്കു നിന്നെ പിടികിട്ടിയോ?
ഇരുമുഖമുള്ള മനസ്സ്!
ചിരിക്കുന്ന മനസ്സിൻെറ മറവിൽ
കരയുന്ന പ്രേതങ്ങൾ എത്രയാണ്?
നന്മയുടെ മനസ്സിൻെറ പിറകിൽ
തിന്മ കൂത്താടുകയാണ്
സത്യത്തിൻെറ വെണ്മ പൂശിയ മുഖം
അസത്യം കൂത്താടുന്ന അന്തർമുഖം!
നിനക്കു നിന്നെത്തന്നെ സംശയം!
അതുകൊണ്ടല്ലേ നീ പിറകോട്ടു നോക്കുന്നതു്?
നിനക്കു നിന്നെ കാണുവാൻ കഴിവില്ല
അതല്ലേ നീ കണ്ണടയ്ക്കുന്നതു്?
നിനക്കു നിന്നെ ഭയമാണ്,
നിന്നോടുകൂടി നടക്കുവാൻ!
നിനക്കുനിന്നെ സ്നേഹിക്കുവാൻ കഴിയില്ല!
അതല്ലേ നീ സ്നേഹിക്കാത്തതു്?
ഒന്നു ചിരിക്കുവാൻ,
ഒന്നു ചിന്തിക്കുവാൻ
നിനക്കു കഴിയില്ല!
അതല്ലേ സത്യം?
ഒരു യുദ്ധം! നിന്നിൽത്തന്നെ!
നീതന്നെ നിൻെറ ശത്രുവും മിത്രവും
നിന്നിലെ മിത്രത്തെ നീ അറിയുമോ?
അതുപോലെ ശത്രുവിനേയും?
നിൻെറ മനോഗൃഹം നീതന്നെ പൂട്ടിയടക്കുമ്പോൾ
ആ താക്കോൽ നിൻെറ കരത്തിലാകുമ്പോൾ,
നീ വെള്ളപൂശി,
ഒരു ദർപ്പണം ആ ഭിത്തിയിൽ ഉയർത്തുമ്പോൾ,
നിനക്കു നിന്നെ കാണാൻ കഴിയുമോ?
പക്ഷേ, മുഖം മാത്രം!
അന്തർമുഖം എങ്ങനെ കാണും?
നീതന്നെ നിന്നോടു നീതി പുലർത്തുക!
നീതന്നെ നിന്നെ നോക്കുക!
'നീ പേടിക്കേണ്ടാ ഞാൻ നിന്നോടുകൂടിയുണ്ട്''
നീ നിന്നെ കണ്ടെത്തും!
നിൻെറ പിടിയിൽ നീ വരും,
അവൻെറ പിടി നിന്നിലാകുമ്പോൾ
'ഇല്ല ഞാൻ പേടിക്കയില്ല'!
അതൊരു ധൈര്യമാണ്;
നീ സ്വതന്ത്രനാകും!
അവൻ നിന്നോടുകൂടി വന്നാൽ,
ആ അടിമത്വം നിനക്കു മോചനമേകും!
ഞാൻ മനുഷ്യനായി!
ആ അടിമത്വം എന്നെ സ്വതന്ത്രനാക്കി!

## ഗ്രന്ഥനിരൂപണം

# TRUTH TRIUMPHS

## METROPOLITAN MAR DIONYSIUS. VI

REV: DR. V. C. SAMUEL

ആത്മീയ പൗരുഷത്തിൻെറ അനശ്വരമുദ്ര അണിഞ്ഞിട്ടുള്ളവരാണ് മലങ്കരസഭാ പിതാക്കന്മാർ. യുഗസംക്രമണ പുരുഷന്മാരായ അവർ സഭയുടെ ശക്തിസ്രോതസ്സായിരുന്നു. കാലഘട്ടത്തിനു നേതൃത്വം കൊടുക്കാൻ അവതരിച്ച ആ ആത്മീയ പ്രതിഭകൾ, സാമൂഹിക ചരിത്രത്തിൻെറ ഗതിവിഗതികളെ നിയന്ത്രിച്ചിരുന്നു. സഭയുടെ നേരെ ആഞ്ഞടിച്ച പ്രതിലോമ ശക്തികളെ നിയന്ത്രിച്ച് നീതിയുടെ പാതയിലേക്കു, തിരിച്ചു വിടാൻ അസാധാരണ വൈഭവമാണ്. അവർ പ്രകടിപ്പിച്ചിരുന്നതു്. ഈ ധന്യാത്മാക്കളുടെ വലിയൊരു നിര തന്നെ നമുക്കു കാണാം. പ: പരുമലത്തിരുമേനി, ഒന്നും, രണ്ടും കാതോലിക്കാമാർ, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ, മാർ ഔഗേൻ ബാവാ, പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സീനോസ്, പത്രോസ് മാർ ഒസ്ത്താത്തിയോസ്, ബഥനിയുടെ അലക്സിയോസ് മാർ തേവോദോസ്യോസ്, തുടങ്ങിയവരുടെ നാമധേയം ഇവിടെ സ്മർത്തവ്യമത്രേ. സംഘർഷങ്ങളും, സംഘട്ടനങ്ങളും, ആഭ്യന്തരവും ബാഹ്യവും ആയ കലുഷതകളും നിറഞ്ഞുനിന്ന കാലഘട്ടങ്ങളിൽ സഭയുടെ സനാതന സത്യം ഉയർത്തിക്കാട്ടിയവരാണ് ഇവർ, പക്ഷേ ഈ പിതാക്കന്മാരെ, അനന്തര തലമുറയ്ക്കു് പരിചയപ്പെടുത്തിക്കൊടുക്കുക, എന്ന ദൗത്യം ഏറെറടുക്കാൻ അധികമാരും മുതിരാറില്ല. — പണ്ഡിതന്മാരായ ഗവേഷകന്മാരും ധിഷണാശാലികളും മലങ്കര സഭയിലില്ലേ? സഭാ ചരിത്രത്തിലും ദൈവവിജ്ഞാനീയത്തിലും വിഹരിക്കുന്നവർക്കു് 'വിദേശ പിതാക്കന്മാരെക്കുറിച്ചു പഠിക്കുവാനല്ലേ താല്പര്യം? സഭയുടെ കൈയൊപ്പും കൈത്താങ്ങും കൈമുതലായി സ്വീകരിച്ച് വിദേശത്ത് എത്തി ഉപരിപഠനം നടത്തി അവിടെ താമസമാക്കുകയും തിരിച്ചെത്തുകയും ചെയ്തിട്ടുള്ളവർക്കു് ധാർമ്മികമായി ചില കടപ്പാടുകളുണ്ടു്. അവർ നേടിയെടുത്ത അറിവിൻെറ അധുനാതന മേഖലകളെ അറിവിൽ നിസ്വരായ സ്വന്ത സമുദായാംഗങ്ങൾക്കു്, ഗ്രന്ഥരൂപത്തിൽ പകർന്നു കൊടുക്കുക; പോരാ, മലങ്കര സഭാ പിതാക്കന്മാരെക്കുറിച്ച് വിപുലവുംവിജ്ഞാനപ്രദവും ആയ പഠനങ്ങൾ നടത്തുക. ഇതാണ് സഭ അവരിൽ നിന്നു പ്രതീക്ഷിക്കുക. നമ്മുടെ പിതാക്കന്മാരെക്കുറിച്ച് നമുക്കു മതിപ്പില്ലേ? എന്തു കൊണ്ടു് നമ്മുടെ പിതാക്കന്മാരുടെ 'തിയോളജിയും ഫിലോസഫിയും പഠിക്കാൻ നാം മുതിരുന്നില്ല? പഠിക്കാനും പഠിപ്പിക്കാനുമുള്ള വക അവരുടെ എഴുത്തുകളിലും ചിന്തകളിലും ഗ്രന്ഥങ്ങളിലും ഇല്ലേ? ഉണ്ടു്. ഉണ്ടെന്നുള്ളതിനു് മികച്ച തെളിവാണ് എൻെറ മുമ്പിലിരിക്കുന്ന, റവ: ഡോ. വി. സി. സാമുവലിൻെറ 'Truth Triumphs' എന്ന ഇംഗ്ലീഷ് ഗ്രന്ഥം.

ഗവേഷണം ഗൗരവ പൂർവ്വമായ ഒരു ജീവിത ശൈലിയായി സ്വീകരിച്ചിട്ടുള്ള വ്യക്തിയാണ് റവ. ഡോ. വി. സി. സാമുവൽ. 70-ൽ പരം വർഷത്തെ ജീവിതാനുഭവങ്ങളും പഠനാന്വേഷണങ്ങളും കൊണ്ടു് സമ്പന്നവും സംസ്കാര സുരഭിലവുമായ ഒരു ജീവിതത്തിൻെറ ഉടമയാണ് അദ്ദേഹം. സ്വതന്ത്രവും മൗലികവുമായ ദർശന വിശേഷങ്ങൾ. ചേതസമാകർഷമാണ്. അദ്ദേഹത്തിൻെറ ഒരോ ഗ്രന്ഥവും. ജരയും നരയും ബാധിച്ചിട്ടില്ലാത്ത ചിന്തകൾ കൊണ്ടു് ദീപ്രസുന്ദരമാണ് റവ: ഡോ. വി. സി. സാമുവലിൻെറ ഗവേഷക പ്രതിഭ. മുൻവിധിയോടുകൂടി ഒന്നിനേയും അദ്ദേഹം സമീപിക്കുന്നില്ല. പ്രഹതപന്ഥാവിലൂടെയല്ലല്ലോ ഗവേഷകൻ സഞ്ചരിക്കേണ്ടതു്. സിദ്ധാന്തത്തിൽ നിന്നു വസ്തുതകളിലേക്കല്ല പ്രത്യുത വസ്തുതകളിൽ നിന്നു സിദ്ധാന്തത്തിലേക്കായിരിക്കണം അയാളുടെ പ്രയാണം. കാലഹരണപ്പെട്ടതും കാമ്പില്ലാത്തതുമായ പല സിദ്ധാന്തങ്ങളെയും, ചിലപ്പോൾ ചോദ്യം ചെയ്യേണ്ടിവന്നേക്കും. അവിടെ നിർഭീതനായി നിലയുറപ്പിക്കയാണ് ഗവേഷക ധർമ്മം.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ജീവിതവും ദർശനവും സമഗ്രസുന്ദരമായി വ്യക്തമാകുന്ന ഈ ഗ്രന്ഥം, മുകളിൽ പറഞ്ഞ വസ്തുതകളെ അന്വർത്ഥമാക്കുന്നു ചരിത്രരേഖകളുടെ പിൻബലത്തോടുകൂടി അദ്ദേഹം നടത്തുന്ന നിരീക്ഷണങ്ങളും നിഗമനങ്ങളും യുക്തിഭദ്രങ്ങളാണ്. The Malankara Syrian Church in the 19th Century, Mar Dionysius VI in History Mar Dionysius a Church Leader, A Historic Achievement, Mar Dionysius VI, the man, എന്നീ അദ്ധ്യായ വിഭജനങ്ങൾ പണ്ഡിതോചിതം തന്നെ. ഓരോ അദ്ധ്യായത്തേയും ഉപവിഭാഗങ്ങളായി തിരിച്ച് തിരുമേനിയുടെ വ്യക്തിത്വത്തിൻെറ വിഭിന്നമുഖങ്ങളെയും എടുത്തു പെരുമാറിയ ജീവിതരംഗങ്ങളെയും വേറിട്ടു കാണിക്കാൻ ഗ്രന്ഥകാരനു് കഴിഞ്ഞിരിക്കുന്നു. സഭാചരിത്രത്തിലെ അന്ധകാരാവൃതമായ എത്രയെത്ര മേഖലകളിലേക്കാണ് അദ്ദേഹം വെളിച്ചം വിതറുന്നതു്. അവിടം പ്രകാശപൂർണ്ണമാക്കാൻ അദ്ദേഹത്തിൻെറ പ്രവാചകപ്രതിഭയ്ക്കു് സാധിച്ചു. വിവാദപുരുഷനായിരുന്ന വട്ടശ്ശേരിൽ തിരുമേനിയെ വിവാദ നിർമുക്തനാക്കി, വിശിഷ്ടസ്ഥാനത്തു് പ്രതിഷ്ഠിക്കാൻ റവ. ഡോ. വി. സി. സാമുവലിൽ നടത്തിയ ശ്രമം ശ്ലാഘനീയമാണ്.

ജനനമരണദിനങ്ങളും, സംഭവപരമ്പരകളുടെ വിവരണചിത്രങ്ങളും കൊണ്ടു് ഒരൊഴുക്കൻ മട്ടിൽ, ഗ്രന്ഥരചന നടത്തുന്ന പാരമ്പര്യം ഇവിടെയുണ്ടല്ലോ. ആ രീതി അന്വേഷിക്കുന്നവരെ, ഈ ഗ്രന്ഥം നിരാശപ്പെടുത്തും. ചരിത്രത്തിൻെറ സത്യസന്ധതയും, ജീവചരിത്രത്തിൻെറ കലാസുഭഗതയും ഏകകാലത്തിൽ ഇണങ്ങിച്ചേർന്നപ്പോൾ ഉടലെടുത്ത ഈ ഗ്രന്ഥം വായനയും പഠനവും ഗൗരവപൂർവ്വം കണക്കിലെടുക്കുന്നവരെ തൃപ്തിപ്പെടുത്തും. ഡോ. കെ. എം. തരകൻ, ഗ്രന്ഥം അവതരിപ്പിച്ചുകൊണ്ടു എഴുതിയിരിക്കുന്ന വാക്കുകൾ, സഭാചരിത്രപിപഠിഷുക്കൾക്കു് വിലപ്പെട്ട ഒരുനിധിയാണ്. Truth Triumphs ൻെറ ഒരു മലയാള പരിഭാഷ, ഗ്രന്ഥകാരൻെറ കൈകൾ കൊണ്ടു് നിർവഹിക്കപ്പെട്ടിരുന്നെങ്കിൽ! ഇതുപോലൊരു ഗ്രന്ഥം, മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയനെക്കുറിച്ച് രചിക്കാൻ ജഗദീശ്വരൻ അദ്ദേഹത്തിനു് ആയുസ്സും ആരോഗ്യവും നൽകട്ടെ.

(ഡോ. സാമുവൽ ചന്ദനപ്പള്ളി)

## സിമ്പോസിയം നടത്തി

കോട്ടയം: ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിലെ, തിയോളജിക്കൽ അസോസ്യേഷൻെറ ആഭിമുഖ്യത്തിൽ 'സഭയും ആരാധനാ ജീവിതവും' എന്ന വിഷയത്തെപ്പററി സിമ്പോസിയം നടത്തി. റവ. ഡോ: എം. എ. മത്തായി ഉദ്ഘാടനം ചെയ്ത സിമ്പോസിയത്തിനു് റവ. ഡോ. ജേക്കബ് കുര്യൻ മോഡറേററായിരുന്നു. ഡീ. എം. സി. പൗലൂസ്, എം. സാമുവേൽ, എസ്. യോഹന്നാൻ, സജി ഡാനിയേൽ, ജേക്കബ് മാത്യു, ബിജേഷ് ഫിലിപ്പ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡീ. സൈമൺ സ്കറിയാ സ്വാഗതവും, ഡീ. യോഹന്നാൻ നന്ദിയും പറഞ്ഞു.

## ചരമരജത ജൂബിലി: സെൻട്രൽ കമ്മററി ഒക്ടോ. 20-നു്

(സ്റ്റാഫ് എഡിററർ)

കോട്ടയം: കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമ രജത ജൂബിലിയാഘോഷങ്ങളുടെ സെൻട്രൽ കമ്മററി ഒക്ടോബർ 20-നു് പഴയ സെമിനാരിയിൽ ചേരുന്നതാണ്.

മാനേജിംഗ് കമ്മററിയംഗങ്ങളും യോഗത്തിൽ സംബന്ധിക്കുന്നതാണ്.

യോഗത്തിൽ പ. ബാവാ തിരുമനസ്സുകൊണ്ടു് അദ്ധ്യക്ഷത വഹിക്കും. ആഘോഷങ്ങളുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും അന്തിമരൂപം നൽകുകയും ചെയ്യും.

## നോവൽ......

(3-ാം പേജിൽ നിന്നുംതുടർച്ച)

വ്യക്തിത്വത്തെ അപമാനിച്ചാൽ അതു തീക്കളിയായിരിക്കും. ഇനി മുതൽ ഞാൻ നിങ്ങളുടെ ഭാര്യയല്ല. നിങ്ങൾ എൻെറ ഭർത്താവുമല്ല....

'ഞാനിതാ പോകുന്നു .. ഒരിക്കൽക്കൂടി ഞാൻ പറയുന്നു എന്നെ തടയരുതു്...'

അവൾ കാറിൻെറ ഡോർ തുറന്നു. ജെയ്സൺ ഒരു പ്രതിമപോലെ മിഴിച്ചുനിൽക്കാനേ കഴിഞ്ഞുള്ളു.

നിങ്ങൾ എൻെറ ഭർത്താവല്ലെന്നു് പറഞ്ഞ സ്ഥിതിക്കു് ഇനി അവളെ തടഞ്ഞിട്ടു കാര്യമില്ല... (തുടരും)

## പോട്ടയിൽ വിശ്രമകേന്ദ്രം

ചാലക്കുടി: പുതുതായി പണി കഴിപ്പിച്ച പോട്ടപള്ളിയോടനുബന്ധിച്ച് ഒരു വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ദീർഘയാത്ര ചെയ്യേണ്ടിവരുന്ന തിരുമേനിമാർക്കും, സഭാസ്നേഹികൾക്കും ചാലക്കുടിക്കു സമീപം നാഷണൽ ഹൈവേയിൽ നിർമ്മിക്കുന്ന ഈ കേന്ദ്രം ഒരു വിശ്രമസ്ഥാനമാകുവാനാണ് ഉദ്ദേശിച്ചിരിക്കുന്നതു്. ഈ സംരംഭത്തിൻെറ പുരോഗമനത്തിനു് സഹായം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ, സി. കെ. ജോസഫ് റമ്പാൻ, കാതോലിക്കേററ് അരമന, കോട്ടയം-38എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

## അമൃതബിന്ദുക്കൾ



### നൂററിഏഴ്

ദോഷങ്ങൾ മാത്രമേ തേടൂ
മത്സരക്കാരനെപ്പൊഴും.

### നൂററിഎട്ട്

തിന്മ ചെയ്യുന്നവൻ വീട്ടിൽ
തിന്മയേ കളിയാടിടൂ.

### നൂററിഒൻപതു്

അന്യൻറാപത്തിൽ മോദിപ്പോൻ
ദൈവശിക്ഷയ്ക്കു പാത്രമാം.

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

# വിശുദ്ധസഭ

## സഭയുടെ അടിസ്ഥാനം

### സഭയുടെ അടിസ്ഥാനമായി കർത്താവു പറഞ്ഞിരിക്കുന്ന പാറ എന്താകുന്നു?

പൗലൂസ് ശ്ലീഹാ, യോഹന്നാൻ ശ്ലീഹാ എന്നിവരുടെയും, പൂർവ്വികപിതാക്കന്മാരുടെയും വിഭിന്നമായ അഭിപ്രായങ്ങൾ നാം കണ്ടു കഴിഞ്ഞു. ഇപ്രകാരമുള്ള വിവിധതരം ആശയങ്ങൾ സുറിയാനി സഭയുടെ നമസ്ക്കാരങ്ങൾ മുതലായ ഗ്രന്ഥങ്ങളിലും കാണുന്നുണ്ട്. 'വിശ്വാസമാകുന്ന പാറമേൽ സ്ഥാപിതമായ സഭ' (യാക്കോബിന്റെ തക്സാ); 'ഞാൻ ശെമഓൻ കീപ്പാമേലും, എഴുപത്തിരണ്ട് അറിയിപ്പുകാരുടെമേലും പണിയപ്പെട്ടിരിക്കുന്നു' (ശനിയാഴ്ച ശ്ലീഹാ നമസ്കാരം. രാത്രി രണ്ടാം കൌമാ) ഇവിടെ ശെമഓനെപ്പററി പറഞ്ഞശേഷം മററു ശ്ലീഹന്മാരെ വിട്ടിട്ട് 72 അറിയിപ്പുകാരെപ്പററി പറയുന്നതിനാൽ ശെമഓനെ ശ്ലീഹന്മാരുടെ പ്രതിനിധിയായി പ്രസ്താവിച്ചിരിക്കുന്നുവെന്ന് വിചാരിക്കാവുന്നതാണ്. 'ശെമഓനെ! നിന്റെ മേൽ ഞാൻ പരിശുദ്ധസഭയെ പണിയും' (വ്യാഴം രാത്രി, രണ്ടാം കൌമാ); 'നിബി, ശ്ലീഹാ, സഹദാ, പരിശുദ്ധന്മാരെ! നിങ്ങളുടെമേൽ സഭ വിശ്വാസത്തിൽ പണിയപ്പെട്ടിരിക്കുന്നു' (വ്യാഴം: പ്രഭാതം ധൂപഗീതം) 'സഭയെ നിന്റെ അടിസ്ഥാനങ്ങളിൽ ശെമഓനെ കൊണ്ടു് എറിയപ്പെട്ടിരിക്കുന്നു' (വെള്ളി രാത്രി രണ്ടാംകൌമാ) ഇവിടെ അടിസ്ഥാനങ്ങൾ എന്ന ബഹുവചനം ഉപയോഗിച്ചിരിക്കുന്നതു് പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. ശെമഓൻ മാത്രമല്ല അടിസ്ഥാനത്തുള്ളതെന്നു അതു് കാണിക്കുന്നു. 'ശെമഓൻ അടിസ്ഥാനവും, പൗലൂസ് ശിൽപ്പിയുമാകുന്നു' (വെള്ളി പ്രഭാതം ധൂപാനന്തര ഗീതം) 'നമ്മുടെ കർത്താവു ശെമഓൻ കീപ്പായുടെ മേൽ തന്റെസഭയെ പണിതു. 12 തൂണുകളിന്മേൽ അതിനെ സ്ഥിരപ്പെടുത്തി.' (വെള്ളി പ്രഭാതം ധൂപാനന്തര ഗീതം) 'ശ്ലീഹന്മാരിൽ തലവനായ ശെമഓന്റെ വംശത്തിന്മേൽ (അതായതു് ശ്ലീഹന്മാരെല്ലാവരും, അവരുടെ പിൻഗാമികളും) (സഭ) പണിയപ്പെട്ടിരിക്കുന്നു' (ശനി–പ്രഭാതം–ധൂപഗീതം) എന്നു സഭ പറയുന്നു. ശ്ലീഹന്മാരുടെ പൊതു പ്രൊമിയോനിൽ ശ്ലീഹന്മാരെപ്പററി പൊതുവായി പറയുന്നതു് 'ഇളകിപ്പോകാത്ത അടിസ്ഥാനങ്ങൾ' എന്നാണ്. സത്യഇടയനും, പത്രോസിനെപ്പോലെ സഭയുടെ അടിസ്ഥാനവുമായ ജ്ഞാനമുള്ള ഭരണക്കാരാ! സമാധാനത്തോടെ വരിക' മേൽപ്പട്ടക്കാരെ എതിരേല്ക്കുമ്പോൾ ചൊല്ലുന്ന 'തോബശ്ലോം' എന്ന പാട്ടിലെ ഒരു ഭാഗമാണിതു്. ഓരോ മേൽപ്പട്ടക്കാരനും പത്രോസിനെപ്പോലെ തന്നെ അടിസ്ഥാനമാകുന്നു എന്നാണ് ഇതിന്റെ അർത്ഥം.

### ഇപ്രകാരം വി. സഭയുടെ പ്രമാണപ്പെട്ട ഗ്രന്ഥമായ വി. വേദത്തിലും, മററു മതഗ്രന്ഥങ്ങളിലും, പൂർവ്വീക പിതാക്കന്മാരിലും കാണുന്ന ഈ അഭിപ്രായഭിന്നതയെ എങ്ങിനെ സാധൂകരിക്കാം

അവയെല്ലാം വിഭിന്നങ്ങളായ ആശയങ്ങളോ? അങ്ങിനെയെങ്കിൽ സഭയുടെ മൗലിക തത്വങ്ങളിൽ ഏററവും പ്രധാനപ്പെട്ട ഇക്കാര്യത്തിൽ കാണുന്ന ഭിന്നത സഭയുടെ അസ്ഥിവാരത്തെ തന്നെ തകർത്തുകളയും. എന്നാൽ സൂക്ഷ്മനിരീക്ഷണം ചെയ്യുമ്പോൾ ഈ ആശയങ്ങളെല്ലാം അന്യോന്യം പൊരുത്തമില്ലാതെ വിഭിന്ന കോടിയിൽ നിലകൊള്ളുന്നു എന്നു് പറയുവാൻ സാധിക്കുകയില്ല. യഥാർത്ഥത്തിൽ അവ വ്യത്യസ്തങ്ങളായ ആശയങ്ങളല്ല, പ്രത്യുത അന്യോന്യം ഉൾക്കൊള്ളുന്നവയത്രെ.

1. പത്രോസ് പാറയാകുന്നു എന്നു് പറയുന്നതും പത്രോസിന്റെ വിശ്വാസം പാറയാകുന്നു എന്നു പറയുന്നതും രണ്ടാശയമല്ല. എന്തെന്നാൽ പത്രോസിന്റെ വിശ്വാസമാണ് പത്രോസിനെ പാറയാക്കുന്നതു്.

2. പത്രോസിന്റെ വിശ്വാസമാകട്ടെ: 'യേശുക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹാ ആകുന്നു–' എന്നുള്ളതാണ്. പത്രോസ് ഏററുപറഞ്ഞ മശിഹായെപ്പററിയുള്ള വിശ്വാസം അടിസ്ഥാനമാകുന്നുവെന്നു പറയുന്നതും; മശിഹാ അടിസ്ഥാനമാകുന്നു എന്നു പറയുന്നതും വ്യത്യസ്തമല്ല.

3. യേശുക്രിസ്തുവിനെ 'ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹാ' എന്നു് പത്രോസ് ഏററുപറഞ്ഞതിനാൽ അവൻ പാറയായി പരിഗണിക്കപ്പെട്ടുവെങ്കിൽ, ആ വിശ്വാസം തന്നെ ഏററുപറയുന്ന എല്ലാവരും പത്രോസിനെപ്പോലെതന്നെ പാറകളായി തീരുന്നു. അതിനാൽ പത്രോസ് പാറയായിരിക്കുന്നതുപോലെ, അതേ വിശ്വാസം ഏററുപറയുന്ന മററു അപ്പോസ്തലന്മാരും, പ്രവാചകന്മാരും, എന്നു വേണ്ട ഈ വിശ്വാസമുള്ള എല്ലാവരും സഭയാകുന്ന മന്ദിരത്തിന്റെ കെട്ടുപണിയിൽ ഉപയോഗിക്കപ്പെടുന്ന പാറകൾ, അഥവാ കല്ലുകൾ ആകുന്നു.

### സഭയുടെ കെട്ടുപണി എങ്ങനെ?

തത്വപരമായി യേശുക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹായാകുന്നു എന്നുള്ള അടിസ്ഥാനത്തിന്മേൽ സഭ പണിയപ്പെട്ടിരിക്കുന്നു. ആലങ്കാരികമായി സഭ ഒരു കെട്ടിടത്തോടോ, നഗരത്തോടോ ഉപമിക്കപ്പെടുന്നെങ്കിൽ അടിസ്ഥാനത്തിന്റെ പ്രധാന കല്ലായ മൂലക്കല്ല് ക്രിസ്തുതന്നെയാണ്. അതായതു് ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശു ഈ കാര്യം വിശ്വസിക്കുന്ന ഏവരും ക്രിസ്തുവിനോടു ചേർന്നിട്ട് വി. സഭയിലെ അംഗങ്ങളായിത്തീരുന്നു. അഥവാ ക്രിസ്തുവാകുന്ന മൂലക്കല്ലുമായി കൂട്ടിപണിയപ്പെടുന്നു. പത്രോസും, മററു അപ്പോസ്തലന്മാരും ആ തരത്തിൽ വിശ്വാസമുള്ളവരായിരുന്നു. അങ്ങനെയെങ്കിൽ 'നീ പത്രോസാകുന്നു; ഈ പെട്രാമേൽ ഞാൻ എന്റെ സഭയെ പണിയും' എന്നുള്ള കർത്തൃ പ്രഖ്യാപനത്തിന്റെ അർത്ഥമെന്തു്? പത്രോസ്സേ! നീ ഒരു കല്ലാകുന്നു; ഈ കല്ലിനെ (അതായതു് ഈ തരത്തിലുള്ള കല്ലിനെ) ഞാൻ അടിസ്ഥാനത്തിലിട്ട് അതിന്മേൽ ഞാൻ എന്റെ സഭയെ പണിയും എന്നുതന്നെ പത്രോസും, അവനോടുകൂടി മററു് അപ്പോസ്തലന്മാരും സഭയുടെ അടിസ്ഥാനത്തിൽ മൂലക്കല്ലുമായി ചേർത്തു പണിതിട്ടുള്ള അടിസ്ഥാന കല്ലുകളാണ്.

കൈസര്യ പീലിപ്പോസിൽവെച്ചു് കർത്താവു ചോദിച്ചതു് പത്രോസിനോടു മാത്രമല്ല, എല്ലാ ശ്ലീഹാന്മാരോടും ഒരുപോലെയായിരുന്നു. 'നിങ്ങൾ എന്നെ ആരെന്നു പറയുന്നു.' (മത്താ. 16:15) ആകയാൽ പത്രോസിന്റെ മറുപടി വ്യക്തിപരമായ മറുപടിയല്ല പ്രത്യുത അപ്പോസ്തോല സമൂഹത്തെ പ്രതിനിധീകരിച്ചതായിരുന്നു. പത്രോസിന്റെ ഏററുപറച്ചിൽ എല്ലാവരുടേയും ഏററുപറച്ചിലായിരുന്നു. എല്ലാവരെയും പ്രതിനിധീകരിച്ചു് പത്രോസ് പറഞ്ഞതുപോലെ, പത്രോസിനോടുള്ള കർത്താവിന്റെ പ്രതിവചനവും–'നീ പത്രോസ്സാകുന്നു, ഈ പെട്രാമേൽ എന്റെ സഭയെ പണിയും എന്നുള്ള വാഗ്ദത്തവും പത്രോസിനോടു മാത്രമുള്ളതല്ല പ്രത്യുത എല്ലാവരെയും ഉദ്ദേശിച്ചുള്ളതായിരുന്നുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പത്രോസ് കർത്താവാകുന്ന മൂലക്കല്ലിനോടു ചേർത്തു പണിയപ്പെട്ടു. പത്രോസ്സിനുതന്നെയും യേശുക്രിസ്തുവാകുന്ന മൂലക്കല്ലിനോടു ചേർത്തു വിശ്വാസികൾ പണിയപ്പെടുന്നുവെന്നുള്ള ചിന്താഗതിയായിരുന്നു ഉണ്ടായിരുന്നതു്. 'മനുഷ്യർ തള്ളിയതെങ്കിലും, ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു്, നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീയഗൃഹമായി, യേശുക്രിസ്തുമുഖാന്തിരം ദൈവത്തിനു പ്രസാദമുള്ള ആത്മീയ യാഗം കഴിപ്പാൻ തക്കവണ്ണം വിശുദ്ധ പുരോഹിതവർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു(1 പത്രോ. 2:4–5; അപ്പോ: 4:11 കാണുക)

സഭയാകുന്ന ഭവനം പണിയപ്പെട്ടുകൊണ്ടേയിരിക്കുന്നു. ഇപ്പോൾ ഇരുപതു നൂററാണ്ടുകളോളം അതിന്റെ പണി നടന്നുകഴിഞ്ഞിരിക്കുന്നു അപ്പോസ്തോലന്മാരും പ്രവാചകന്മാരും ആദിയിൽ—അടിസ്ഥാനത്തിൽ—പണിയപ്പെട്ടു എങ്കിൽ, അതിനുശേഷമുള്ളവർ ഇന്നയോളം അവർക്കുമേലായി പണിയപ്പെടുന്നു. എന്നാൽ പൗലൂസ് ശ്ലീഹാ പറയുന്നതുപോലെ 'യേശുക്രിസ്തു എന്നു് ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറെറാന്നു് ഇടുവാൻ ആർക്കും കഴിയുകയില്ല' (1 കൊരി. 3:11)

## അദ്ധ്യായം 9

### സഭ ദൃശ്യമോ അദൃശ്യമോ?

### സഭ അദൃശ്യം–കടന്ന പ്രോട്ടസ്ററന്റു് ചിന്താഗതി

16–ാം നൂററാണ്ടിൽ റോമാ സഭയിലുണ്ടായ നവീകരണത്തിനുശേഷം സഭ അദൃശ്യമാകുന്നുവെന്നുള്ള ഒരു നൂതനവാദം ചില നവീകരണക്കാരുടെ ഇടയിലുണ്ടായി. നവീകരണം നിമിത്തവും, ആദിമ നൂററാണ്ടുകളിലെ വേദ വിപരീതങ്ങൾ മുഖാന്തിരവും, ഏകമായിരുന്ന ക്രിസ്തുസഭ പല വിഭാഗങ്ങളായി പിരിഞ്ഞിരുന്നു. അന്യോന്യം മത്സരിച്ചുകൊണ്ടിരുന്നതും, വിശ്വാസ ഐക്യം ഇല്ലാത്തതുമായ ഈ വിഭാഗങ്ങളെല്ലാം ക്രിസ്തു സ്ഥാപിച്ച സഭയാകുമോ? അവയിൽ കുറവില്ലാത്തതൊന്നുമില്ലാത്തതിനാൽ അവയിൽ ഏതെങ്കിലുമൊന്നിനെ യഥാർത്ഥ സഭയെന്നു പറയാമോ? ഉത്തരം കൊടുപ്പാൻ വിഷമമുള്ള ഈ പ്രശ്നം സഭ ദൃശ്യമാകുന്നു എന്നു് അന്നുവരെ നിലവിലിരുന്ന ആദർശത്തെ വല്ലാതെ ഉലച്ചുകയുണ്ടായി. പ്രസ്തുത പ്രശ്നത്തിനു് ഒരു മറുപടിയായി പ്രോട്ടസ്റ്റന്റു് സഭാവിയോജകരുടെ ഇടയിലുണ്ടായ ഒരു അഭിപ്രായമാണ് സഭ അദൃശ്യമാണെന്നുള്ള വാദഗതി.

ഈ വാദമനുസരിച്ചു് രണ്ടു തരത്തിലുള്ള സഭകളുണ്ടു്–ദൃശവും അദൃശവും. യെറൂശലേം, അന്ത്യോഖ്യാ, കോരിന്തു്, എപ്പേസൂസ്, റോമ്മാ മുതലായി പുതിയനിയമത്തിൽ കാണുന്ന ഓരോ സ്ഥലത്തെ സഭകളും പില്ക്കാലത്തുണ്ടായിട്ടുള്ള സഭാവിഭാഗങ്ങളും ദൃശ്യമാണെങ്കിലും, അവയെല്ലാം ഉത്തമന്മാരും കൊള്ളരുതാത്തവരുമായ അംഗങ്ങൾ ചേർന്നുണ്ടായിട്ടുള്ള സംഘങ്ങളാകുന്നു. യഥാർത്ഥ സഭ അങ്ങനെയുള്ള ഒരു മിശ്രസംഘമായിരിപ്പാൻ നിവൃത്തിയില്ല; അതു തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സത്തമന്മാരുടെ ഒരു സംഘമായിരിക്കണം. പൂർണ്ണമായ ഒരു സഭ ലോകത്തില്ലാത്തതിനാലും, അങ്ങനെ ഒന്നു സാദ്ധ്യമല്ലാത്തതിനാലും യഥാർത്ഥ സഭ ദൃശ്യമായ ഏതെങ്കിലും ഒരു സഭയായിരിക്കുവാൻ നിവൃത്തിയില്ല. പ്രത്യുത മനുഷ്യദൃഷ്ടിക്കു ഗോചരമാകാതെയും, പരിമിതിക്കു വിധേയമാകാതെയുമുള്ള ഒരു അദൃശ്യ സംഘമായിരിക്കണം അതു്. സകല ഹൃദയങ്ങളുമറിയുന്ന ദൈവം മാത്രം ഈ സഭയെ കാണുകയും അറിയുകയും ചെയ്യുന്നു.

ഈ വാദപ്രകാരം എല്ലാ സഭകളും ക്രിസ്തുവിന്റെ സഭകളാണ്. എന്നാൽ യഥാർത്ഥസഭയോ എല്ലാററിലുമുള്ള നല്ല ആളുകളുടെ സംഘമാകുന്നു. എല്ലാ സഭകളിലും ദൈവത്തിന്റെ വ്രതന്മാരുണ്ടു്. പക്ഷെ ദൈവംമാത്രം അവരെ അറിയുന്നു. പ്രോട്ടസ്റ്റന്റു് നവീകരണക്കാരനായ സ്വിൻഗ്ലി ആരംഭിച്ച മേല്പറഞ്ഞ വാദഗതി ഇന്നു് ആരുംഅത്ര കാര്യമായി കണക്കാക്കുന്നില്ല. ഏതു സഭയെയും ക്രിസ്തുവിന്റെ രക്ഷാകരമായ പ്രവർത്തനത്തിന്റെ പരിധിക്കുള്ളിൽ വരുത്തുവാനുള്ള ഒരു വിദഗ്ദ്ധമായ പരിശ്രമമായി ഇതിനെ പരിഗണിക്കാമെങ്കിലും, ഇതു വേദപുസ്തകത്തിനും, പാരമ്പര്യത്തിനും കടകവിരുദ്ധമായ ഒരു സിദ്ധാന്തം തന്നെയാണ്.

### സഭ ദൃശ്യമോ, അദൃശ്യമോ? അഥവാ രണ്ടുമോ? വ്രതന്മാരെമാത്രം ഉൾക്കൊള്ളുന്ന അദൃശ്യ സഭ സ്ഥിതിചെയ്യുന്നുണ്ടോ? വേദപുസ്തകം എന്തു പറയുന്നു?

1 സഭയെ നിർവചിക്കുന്നതിനു് കർത്താവു് ഉപയോഗിച്ചിട്ടുള്ള ''എക്ലീസിയാ'' എന്ന ഗ്രീക്കു് പദംതന്നെ (മത്താ. 16:18; 18:17), ഒരു ദൃശ്യസംഘത്തെ കുറിക്കുന്നതാകുന്നു. ഈ പേരു് പഴയ ഇസ്രായേലായിരുന്ന യഹൂദ സഭയ്ക്കു് ഉപയോഗിച്ചിരുന്ന ഒന്നാണ്. പഴയ ഇസ്രായേലുപോലെ ക്രിസ്തുസഭയും ഒരു ദൃശ്യസംഘമാകുന്നുവെന്നുള്ള നിലയിലാണ് കർത്താവു് ഈ പേരു് അതിനുപയോഗിക്കുന്നതു്. ദൃശ്യസംഘമെന്നുള്ള ഈ അർത്ഥത്തിൽ (അപ്പോ:19:39; 7: 38; എബ്രാ 2:12.) എന്നീ ഭാഗങ്ങളിലും ഈ പേരു് ഉപയോഗിച്ചിരിക്കുന്നതായി കാണുന്നുണ്ടു്.

2 സഭയെ ആസ്പദമാക്കിയുള്ള നമ്മുടെ കർത്താവിന്റെ സകല പ്രവർത്തനങ്ങളും, പ്രസ്താവനകളും അതു് ഒരു ദൃശ്യസംഘമാണെന്നു് കാണിക്കുന്നവയായിരുന്നു. ഈ സഭയുടെ സാരഥ്യം വഹിക്കത്തക്കവണ്ണം പന്ത്രണ്ടു ശ്ലീഹന്മാരെ തെരഞ്ഞെടുത്തു നിയോഗിച്ചു. (മത്താ. 10; മർക്കോ 3: 13–19; ലൂക്കോ. 6:12–16) അവർക്കു ആവശ്യംവേണ്ട ഉപദേശങ്ങളും പരിശീലനവും കൊടുത്തു. പിതാവു് തന്നെ അയച്ചതുപോലെ (യോഹ. 20: 21) അവരെ അയയ്ക്കുകയും, അവരോടു് സുവിശേഷം അറിയിക്കുന്നതിനു് ആജ്ഞാപിക്കുകയും, ഉപദേശിക്കുന്നതിനും, ഭൂതങ്ങളെ പുറത്താക്കുന്നതിനും രോഗിക

(ശേഷം 6–ാം പേജിൽ)

# വിശുദ്ധസഭ

(5–ാം പേജിൽനിന്നും തുടർച്ച)

ളെ സൗഖ്യമാക്കുന്നതിനും അധികാരം കൊടുക്കുകയും ചെയ്തു. (മത്താ. 28: 18–20; മർക്കോ 16: 15–16) സഭാംഗങ്ങളുടെ ആത്മീയ വളർച്ചയ്ക്കായി ദൃശ്യമായ കൂദാശകളും കർത്താവു നിശ്ചയിച്ചു. സഭയിലേക്കു പ്രവേശിക്കുന്നതിനുള്ള മാമ്മോദീസാ, സഭാംഗങ്ങളുടെ ആത്മീയ ഭക്ഷണമായ വി. കുർബാന എന്നിവയെല്ലാം വെള്ളം, അപ്പം, വീഞ്ഞ് മുതലായവ ഉൾക്കൊള്ളുന്ന ദൃശ്യമായ കൂദാശകളാകുന്നു. കൂടാതെ ദൈവരാജ്യത്തെപ്പററി, അഥവാ സഭയെപ്പററി താൻ പ്രസ്താവിച്ച ഉപമകളെല്ലാം സഭയുടെ ദൃശ്യതയെ സ്ഥാപിക്കുന്നവയായിരുന്നു. കടുകുമണിയുടെ ഉപമ (മത്താ 13: 31–32) രഹസ്യമായി വളരുന്ന വിത്തു് (മർക്കോ. 4:26–29) എന്നിവ അതിൻെറ ബാഹ്യമായ വളർച്ചയെ കാണിക്കുന്നു.

3 കളകളുടെ ഉപമയും (മത്താ 13:24–30) വലിച്ചെടുക്കപ്പെട്ട വലയുടെ ഉപമയും (മത്താ: 13:47–48) സഭയിൽ ഉത്തമന്മാരുമാത്രമല്ല, അധർമ്മികളുമുണ്ടായിരിക്കുമെന്നു് പഠിപ്പിക്കുന്ന ഉപമകളാണ്. സഭ തെരഞ്ഞെടുക്കപ്പെട്ട നല്ല മനുഷ്യരുടെ സംഘമാകുന്നു എന്നുള്ള അദൃശ്യ സഭാവാദം ഈ രണ്ടു ഉപമകളുടെ വെളിച്ചത്തിൽ നിലനിൽക്കുകയില്ല:

**സഭയുടെ അദൃശ്യത:-**

സഭ ഒരു ദൃശ്യമായ സംഘമാണെന്നു് പറഞ്ഞാൽ ഒരുവശം മാത്രമേയാകുന്നുള്ളു അദൃശ്യമായ മറെറാരുവശംകൂടി അതിനുണ്ട്. സഭ ക്രിസ്തുവിൻെറ ശരീരമാകയാൽ അതിൻെറ തലയായ ക്രിസ്തുവിനുള്ളതു പോലെയുള്ള വിശേഷതകളും അതിനു് ഉണ്ടായിരിക്കുകയെന്നതു സ്വാഭാവികമാകുന്നു.

1 നമ്മുടെ കർത്താവു് ഈ ലോകത്തിൽവച്ചു് അദൃശ്യമായ ദൈസാരാംശം മനുഷ്യശരീരത്തിൽ വഹിച്ച ദൈവമനുഷ്യനായിരുന്നു. ഒരേ സമയത്തു് പരിപൂർണ്ണമനുഷ്യനും, പരിപൂർണ്ണദൈവവും. ദൃശ്യമായ രൂപത്തിൽ ഒരു യഥാർത്ഥ മനുഷ്യനായി കർത്താവു് ലോകത്തിൽ വസിച്ചെങ്കിലും, തൻെറ ദൈവത്വം സത്യവിശ്വാസികളായ തൻെറ ശിഷ്യന്മാർക്കു് കാണുവാൻ കഴിഞ്ഞിരുന്നു. സഭയ്ക്കും അതുപോലെ ദൃശ്യമായ രൂപവും, അദൃശ്യമായ ആത്മീയ ജീവനമുണ്ട്, സഭയുടെ ജീവൻ പരിശുദ്ധാത്മാവാകുന്നു. അവൻ അതിനെ നയിച്ചുകൊണ്ടിരിക്കുന്നു, സഭയെ പൊതുവായും, സഭാംഗങ്ങളെ വ്യക്തികളായും നടത്തുന്നതു് ദൈവാത്മാവാകുന്നു

2 സഭ ശരീരമാണെങ്കിൽ, തല ക്രിസ്തുവാകുന്നു. ഉടൽ ദൃശ്യമെങ്കിൽ തല അദൃശ്യമാണു് നാമെല്ലാവരും അദൃശ്യനായ ക്രിസ്തുവിൻെറ ശരീരത്തിലെ ദൃശ്യമായ അവയവങ്ങളാകുന്നു.

3 ഈ ശരീരത്തിനു് ദൃശ്യമായ അവയവങ്ങൾ മാത്രമല്ല ഉള്ളതു്. സത്യവിശ്വാസത്തോടെ വാങ്ങിപ്പോയിട്ടുള്ള അദൃശ്യരായ സകലരും ഈ ശരീരത്തിലെ അവയവങ്ങളാണ്. അതിനാൽ സഭയ്ക്കു് രണ്ടുവിധത്തിലുള്ള അംഗങ്ങളുണ്ട്. ഈ ലോകത്തിൽ വസിക്കുന്നവരായ ജീവനുള്ളവരും പരലോകത്തിൽ വസിക്കുന്നവരായ വാങ്ങിപ്പോയവരും.

4 കാണപ്പെടാവുന്ന പൗരോഹിത്യവും അതിൻെറ നേതൃത്വത്തിലുണ്ടെങ്കിലും, യഥാർത്ഥത്തിൽ അദൃശ്യനായ പരിശുദ്ധാത്മാവു് അവരിൽക്കൂടി സഭയെ നയിക്കുകയത്രെ ചെയ്യുന്നതു്.

5 രക്ഷയ്ക്കു നിദാനമായ ദൃശ്യമായ കൂദാശകൾ സഭയ്ക്കുണ്ടെങ്കിലും, അവയിൽക്കൂടി വിശ്വാസിക്കു ലഭ്യമാകുന്നതു് വിശുദ്ധാത്മാവിൻെറ അദൃശ്യങ്ങളായ കൃപാവരങ്ങളാകുന്നു

6 സഭ പ്രപഞ്ചത്തിലിരിക്കുന്നെങ്കിലും, അതിൻെറ സംസർഗ്ഗവും, സാമീപ്യവും പ്രാപഞ്ചികരോടുള്ളതിൽ വളരെ മടങ്ങു കൂടുതൽ സ്വർഗ്ഗസ്ഥനായ ദൈവത്തോടും, തൻെറ മാലാഖമാരോടും, വാങ്ങിപ്പോയിട്ടുള്ള പരിശുദ്ധന്മാരോടുമാണു്. (തുടരും)

# ലിറേറർജിക്കൽ റിസേർച്ച് സെൻറർ ആരംഭിക്കുന്നു.

സ്റ്റാഫ് എഡിററർ

കോട്ടയം: കാലം ചെയ്ത പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസിലെ ചരമ രജത ജൂബിലി സ്മാരകമായി ഒരു ലിറേറർജിക്കൽ സ്റ്റഡി & റിസേർച്ച് സെൻറർ ആരംഭിക്കുന്നതിനു് ജൂബിലി യാഘോഷ സെൻട്രൽ കമ്മററി തീരുമാനിച്ചു

ഇതിൻെറ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്ക് റമ്പാൻ തെയോഫോറസ് കോർ എപ്പിസ്കോപ്പാ, വൈദിക ട്രസ്റ്റി ഫാ മത്തായി നൂറനാൽ, ഫാ. കെ. ജെ യോന എന്നിവരുൾപ്പെടുന്ന ഒരു സബ് കമ്മററിയെ നിയോഗിച്ചു.

വൈദിക സെമിനാരി കേന്ദ്രമാക്കിയായിരിക്കും ഇതിൻെറ പ്രവർത്തനം ആരംഭിക്കുക.

പൗരസ്ത്യ ആരാധനാക്രമങ്ങളുടെ ആദിമ നൂററാണ്ടുമുതലുള്ള ക്രമാനുഗതമായ വളർച്ചയിൽ ഗവേഷണ-പഠനം നടത്തുകയാണ് സെൻററിൻെറ സ്ഥാപക ലക്ഷ്യം.

ഇതിൽ താല്പര്യമുള്ള വൈദികർക്കും അല്മായക്കും ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും നല്കുന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തു വരുന്നു.

# പരുമല കൊച്ചുതിരുമേനി പ്രകാശനം ഒക്ടോ. 27നു്

ഫാ. ഇ. ജെ. ഏബ്രഹാം തയ്യാറാക്കിയ 'പരുമല കൊച്ചുതിരുമേനി' എന്ന ഗ്രന്ഥം ക്രൗൺ 1/8 സൈസ്. 200–ൽപരം പേജുകൾ. ബഹുവർണ്ണ ചിത്രക്കവർ. ഒക്ടോബർ 27 നു് പ്രകാശനം ചെയ്യുന്നു.

ഈ പുസ്തകം സൗജന്യവിലയ്ക്കു് വിൽക്കുവാൻ സാമ്പത്തിക സഹായം നൽകിയവർ

| | | | |
|---|---|---|---|
| 1 | സിസ്റ്റർ സൂസൻ കുരുവിള മാർ ഗ്രിഗോറിയോസ് ആശ്രമം മുളന്തുരുത്തി | 5000 | രൂപാ |
| 2 | മാത്യു എം. തോമസ് (പാപ്പച്ചൻ) മുത്തൂററ്, കോഴഞ്ചേരി | 1000 | ,, |
| 3 | ഐസക്ക് തോമസ് ഉള്ളാട്ടിൽ കോട്ടയം | 500 | ,, |
| 4 | പി. സി ചെറിയാൻ ആശാരിയേത്തു് തട്ടയ്ക്കാട് | 20 | ,, |
| 5 | ഇ.ററി മത്തായി, ഇഞ്ചക്കലോടിൽ തിരുമൂലപുരം | 20 | ,, |
| 6 | എം. സി. ഏബ്രഹാം 6/ ഈഗിൾ സ്ട്രീററ്, ബാംഗ്ലൂർ | 140 | ,, |
| 7 | ടി. കെ. ജോർജ്, വളഞ്ഞവിള കിഴക്കേതിൽ, കുണ്ടറ | 25 | ,, |
| 8 | പി. ജി. ഉമ്മൻ, DIZ ESIS മേഘാനി നഗർ, അഹമ്മദ്ബാദ് | 101 | ,, |
| 9 | ഒ.എം. രാജു, ഓലപ്പുരയ്ക്കൽ കൈപ്പുഴശേരി, സുൽത്താൻ ബത്തേരി | 25 | ,, |

20 രൂപ വില വരുന്ന ഈ പുസ്തകം സൗജന്യനിരക്കിൽ 5 രൂപാ വിലയ്ക്കു് പരുമലപ്പെരുന്നാൾ ദിവസം വിൽക്കുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതു്.

ഇപ്പോൾ ലഭിച്ചിട്ടുള്ള 6831 രൂപാ 455 പേർക്കു് ടി നിരക്കിൽ പുസ്തകം നൽകുവാൻ പര്യാപ്തമാണ്.

**പരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവചരിത്രവും അനുഭവസാക്ഷ്യങ്ങളും ലോകമെങ്ങും വ്യാപരിക്കുവാൻ വിശ്വാസികളായ ഭക്തജനങ്ങൾ ഞങ്ങളുടെ ഈ നല്ല ഉദ്യമത്തിൽ കൂടുതലായി സഹകരിക്കുമെന്നു് പ്രതീക്ഷിക്കുന്നു. സംഭാവനത്തുകകൾ**

മാനേജർ
ഓർത്തഡോക്സ് ഹെറാൾഡ്
ദേവലോകം
കോട്ടയം 686 038

എന്ന വിലാസത്തിൽ എത്രയും വേഗം അയയ്ക്കുക.

# തുരുത്തിക്കര ചാപ്പൽ പെരുന്നാൾ ഒക്ടോ: 29ന് ആരംഭിക്കും

മുളന്തുരുത്തി: തുരുത്തിക്കര മാർ ഗ്രീഗോറിയോസ് കാതോലിക്കേററ് ചാപ്പലിലെ പെരുന്നാൾ ഒക്ടോബർ 29 മുതൽ 31 വരെ തീയതികളിൽ വിപുലമായ പരിപാടികളോടെ ആഘോഷിക്കും.

1988 ഒക്ടോബർ 29–ാം തീയതി ശനിയാഴ്ച രാവിലെ 8 മണിയ്ക്കു് വി: മൂന്നിന്മേൽ കുർബാനയെ തുടർന്നു് പെരുന്നാളിൻെറ പ്രാരംഭം കുറിക്കുന്ന കൊടിയേററം വികാരി ഫാ: കെ. ജെ. കുര്യാക്കോസ് നിർവഹിക്കും. തുടർന്നു് നമുക്കനേർച്ച നടത്തും. വൈകിട്ട് ആറുമണിക്ക് സന്ധ്യാപ്രാർത്ഥന, മദ്ധ്യസ്ഥപ്രാർത്ഥന, എന്നിവയ്ക്കു ശേഷം ധ്യാനപ്രസംഗം നടത്തും.

30–ാം തീയതി ഞായറാഴ്ച രാവിലെ 8.30 നു് വി: കുർബാനയെ തുടർന്നു് നേർച്ച വിളമ്പ് നടത്തും. വൈകിട്ട് ആത്മീയ സംഘടനകളുടെ വാർഷിക സമ്മേളനത്തിൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത ആദ്ധ്യക്ഷം വഹിയ്ക്കും. തുടർന്നു് കുട്ടികളുടെ വിവിധ കലാപരിപാടികളും മാർ ഗ്രീഗോറിയോസ് ഓർക്കെസ്ട്രായുടെ ഭക്തിഗാനമേളയും ഉണ്ടായിരിക്കും.

സമാപനദിവസം തിങ്കളാഴ്ച രാവിലെ 8.30 നു് അഭിവന്ദ്യ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വി: മൂന്നിന്മേൽ കുർബാന, റാസ, ആശിർവാദം എന്നിവ നടക്കും. മാർ ഗ്രീഗോറിയോസ് ഓഡിറേറാറിയത്തിൽ വെച്ചു് 1001 പേരുടെ നേർച്ചസദ്യയും ഉണ്ടായിരിക്കും. കൺവീനർ പി. എം. യോഹന്നാൻെറ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കമ്മററിയാണു് നേർച്ചസദ്യയ്ക്കു് ചുക്കാൻ പിടിക്കുക.

ഫാ: കെ. ജെ. കുര്യാക്കോസ് വികാരിയായും, ഫാ: തോമസ് മ്യാലിൽ സഹവികാരിയായും ഇവിടെ സേവനം അനുഷ്ഠിക്കുന്നു.

## അനുശോചന യോഗം

വാകത്താനം: ചീരംചിറ സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരിയായി 25 വർഷക്കാലം സേവനമനുഷ്ഠിച്ച കരിപ്പാൽ കെ. സി. മാത്യൂസ് അച്ചൻെറ ആകസ്മിക നിര്യാണത്തിൽ. ഇടവകാംഗങ്ങൾ അനുശോചനം രേഖപ്പെടുത്തി വികാരി ഫാ. പി. സി. ജോൺസൺ ആദ്ധ്യക്ഷം വഹിച്ചു. സി. വി. മാത്യു, കെ. സി. തോമസ്, എസ്. സ്കറിയ, എ. ജോർജ്ജ്, മിസ്സിസ്സ് സുജാത ജോർജ്ജ്, സജി എം. മാത്യു എന്നിവർ പ്രസംഗിച്ചു. ഇടവക സെക്രട്ടറി ടി.യു. മാത്യു അനുശോചന പ്രമേയം അവതരിപ്പിച്ചു.

## കുരിശും തൊട്ടിയുടെ ഭണ്ഡാരം തകർത്തു

കായംകുളം: കട്ടച്ചിറ സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിവക കുരിശിൻ തൊട്ടിയുടെ ഭണ്ഡാരം കള്ളന്മാർ കുത്തിത്തുറന്നു് കവർച്ച ചെയ്തു. പള്ളി അധികൃതരുടെ പരാതിയനുസരിച്ച് വള്ളികുന്നം പോലീസ് സ്ഥലത്തെത്തി സത്വര നടപടികൾ സ്വീകരിച്ചു.

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam–2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam–686 038